Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

6701/എഫ്/2013/കെ.എസ്.എച്ച്.ഒ 04..07..2015

# സർക്കുലർ

വിഷയം:- കുടുംബശ്രീ - എൻ.യു.എൽ.എം നഗരഉപജീവന കേന്ദ്രങ്ങൾ (സി.എൻ.സി) സ്ഥാപിക്കൽ - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം) വാർഷിക ആക്ഷൻപ്ലാൻ 2014-15

ദേശീയ നഗര ഉപജീവന മിഷന്റെ കീഴിൽ കുടുംബശ്രീ നടപ്പിലാക്കി വരുന്ന നഗരഉപജീവന പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത 14 നഗരസഭകളിലും അതാത് നഗരസഭകളുടെ ജനസംഖ്യയുടെ അനുപാതത്തിൽ നഗരഉപജീവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നഗരസഭകൾക്ക് ധനസഹായം നൽകുന്നു.

നഗരജനസംഖ്യ 1-3 ലക്ഷം വരെയാണെങ്കിൽ 1 കേന്ദ്രവും, 3-5 ലക്ഷം ജനസംഖ്യയുള്ള നഗരങ്ങളിൽ 2 കേന്ദ്രങ്ങളും, ജനസംഖ്യ 5-10 ലക്ഷം വരെയാണെങ്കിൽ 3 കേന്ദ്രങ്ങളും സ്ഥാപിക്കാവുന്നതാണ്. (ജില്ലാ ആസ്ഥാനമായി വരുന്ന നഗരങ്ങളിൽ ജനസംഖ്യ ഒരുലക്ഷത്തിൽ താഴെയാണെങ്കിലും ഒരു കേന്ദ്രം സ്ഥാപിക്കാവുന്നതാണ്.), ജില്ലാ ആസ്ഥാനമല്ലാത്ത, ഒരുലക്ഷത്തിൽ താഴെയുള്ള നഗരങ്ങളിൽ കേന്ദ്രം രൂപീകരിക്കാൻ സാമ്പത്തിക സഹായം ലഭിക്കുകയില്ല.

ഒരു നഗരഉപജീവന കേന്ദ്രം സ്ഥാപിക്കുന്നതിന് നഗരസഭകൾ 2 മുറികളും, 1 വാഷ്റൂം സൗകര്യവുമുള്ള ഒരു കെട്ടിടം കണ്ടെത്തി നൽകേണ്ടതാണ്. ഇതിന് കുറഞ്ഞത് 1000 ചതുരശ്ര അടിയെങ്കിലും വിസ്തീർണ്ണം ഉണ്ടായിരിക്കണം.

1. **കേന്ദ്രത്തിന്റെ ലക്ഷ്യങ്ങളും ലഭ്യമാക്കേണ്ട സേവനങ്ങളും**

    1. ദേശീയ നഗര ഉപജീവന മിഷന്റെ ഗുണഭോക്താക്കളായ നഗരത്തിലെ പാവപ്പെട്ടവർ നടത്തുന്ന തൊഴിൽ സംരംഭങ്ങളിലെ ഉത്പ്പന്നങ്ങളുടെ പ്രദർശനവും വിപണനവും സാധ്യമാക്കുക

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org
www.kudumbashree.org

2. നഗരദരിദ്രർക്ക് നൽകാൻ കഴിയുന്ന സേവനങ്ങൾ പ്രദാനം ചെയ്യാൻ കഴിയുന്ന കേന്ദ്രമായി പ്രവർത്തിക്കുക
3. ഉത്പ്പന്നങ്ങളുടെ/സേവനങ്ങളുടെ വിപണനസാധ്യത ഗുണഭോക്താക്കൾക്ക് മനസ്സിലാക്കിക്കൊടുക്കുകയും വിപണന സംവിധാനങ്ങളുമായി കണ്ണിചേർക്കുകയും ചെയ്യുക
4. ഉത്പ്പന്നങ്ങൾ ആകർഷകമായി പായ്ക്ക് ചെയ്ത് വിപണനം ചെയ്യുവാൻ വേണ്ട പരിശീലനം നൽകുക
5. നഗരപ്രദേശങ്ങളിലെ പാവപ്പെട്ട തൊഴിലാളികളുടെ സേവനങ്ങൾ, ആവശ്യമുള്ളവരെ കണ്ടെത്താൻ സഹായിക്കുകയും അവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക
6. നഗര ഉപജീവന മിഷന്റെ കീഴിലുള്ള വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളാകാൻ ആഗ്രഹിക്കുന്നവരെ ഒരു ചെറിയ രജിസ്ട്രേഷൻ ഫീസ് ഈടാക്കി രജിസ്റ്റർ ചെയ്യുക. അത് വർഷാവർഷം പുതുക്കി നൽകുക. ഫീസ് തുക അതാത് നഗരസഭകൾക്ക് തീരുമാനിക്കാവുന്നതാണ്.
7. നഗര ഉപജീവന മിഷൻ ഗുണഭോക്താക്കൾ നടത്തുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക് വേണ്ട വിവിധ ലൈസൻസുകൾ വാങ്ങി നൽകുക, സൂക്ഷിക്കേണ്ട പ്രധാന രേഖകളെക്കുറിച്ച് അറിവ് നൽകുക, കണക്കുകൾ സൂക്ഷിക്കാൻ വേണ്ട സഹായം നൽകുക, വിവിധ നികുതികളെക്കുറിച്ച് അറിവ് നൽകുക.
8. ഉപജീവന കേന്ദ്രങ്ങൾക്ക് ചെറിയ കരാറുകൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. ഇതിലേയ്ക്കായി കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളെ ഉപയോഗിക്കാവുന്നതാണ്. അവർക്ക് അതാത് സ്ഥലങ്ങളിൽ നിലവിലുള്ള കൂലി നൽകേണ്ടതാണ്.
9. നഗര ഉപജീവന കേന്ദ്രത്തിൽ നിന്നും സേവനം ലഭ്യമാക്കുന്നവരിൽ നിന്നും ഉപജീവന കേന്ദ്രത്തിന് നിശ്ചിത ഫീസ് ഈടാക്കാവുന്നതാണ്
10. ഇത്തരത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ, അതിലേക്കായി നൽകേണ്ട ഫീസ് വിവരങ്ങൾ അടങ്ങിയ നോട്ടീസ് ബോർഡ്, കേന്ദ്രത്തിൽ സ്ഥാപിക്കേണ്ടതാണ്.
11. കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികൾക്ക് വിവിധ വ്യവസായസ്ഥാപനങ്ങളിൽ നിയമനം തരപ്പെടുത്തി നൽകുക. ഇതിനായി തൊഴിൽദാതാവിൽ നിന്നും ഉപജീവനകേന്ദ്രങ്ങൾക്ക് ഒരു ഫീസ് ഈടാക്കാവുന്നതാണ്.

12. ഉപജീവനകേന്ദ്രത്തിൽ ആവശ്യത്തിന് സ്ഥലസൗകര്യങ്ങളുണ്ടെങ്കിൽ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ വേദിയായി നൽകാവുന്നതാണ്.
13. ആവശ്യമെങ്കിൽ വനിതാ ജീവനക്കാരുടെയും, ഗുണഭോക്താക്കളുടെയും കുട്ടികളെ പരിപാലിക്കുന്ന ക്രെഷ് സംവിധാനം ഒരുക്കുക
14. യു.ഐ.ഡി/ആധാർ കാർഡ് എന്നിവ ലഭ്യമാക്കുവാൻ സഹായങ്ങൾ ചെയ്തുകൊടുക്കുക.
15. ഉപജീവനകേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളുമായി ബാങ്കുകൾ, ഇൻഷുറൻസ് സ്ഥാപനങ്ങൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുടെ പ്രതിനിധികൾക്ക് സംവദിക്കാനുള്ള വേദിയുണ്ടാക്കുക.
16. വിവിധ ബാങ്കുകളുടെ ഇടപാടു ഫോമുകൾ ഇൻഷുറൻസ് അപേക്ഷകൾ എന്നിവ കേന്ദ്രത്തിൽ ലഭ്യമാക്കാവുന്നതാണ്.
17. കേന്ദ്രത്തിന്റെ നടത്തിപ്പിലേക്കായി ഒരു പ്രത്യേക ബാങ്ക് അക്കൗണ്ട് തുറക്കേണ്ടതാണ്. നഗരസഭ ചുമതലപ്പെടുത്തുന്ന വ്യക്തിയും കേന്ദ്രത്തിന്റെ മാനേജരും ചേർന്നുള്ള ഒരു സംയുക്ത അക്കൗണ്ടാണ് തുറക്കേണ്ടത്.
18. ഉപജീവന കേന്ദ്രം രജിസ്റ്റർ ചെയ്യേണ്ടതാണ്. നഗര ഉപജീവന മിഷൻ ആയത് ചെയ്ത് നൽകേണ്ടതുമാണ്.
19. മേൽപറഞ്ഞ പ്രവർത്തനങ്ങൾ കൂടാതെ അതാത് നഗരസഭകളുടെ പ്രത്യേക ആവശ്യങ്ങൾക്ക് അനുഗുണമാകുന്ന രീതിയിൽ നഗര പ്രദേശത്തിലെ ദരിദ്രർക്ക് ഉന്നമനം നൽകാൻ സഹായിക്കുന്ന പദ്ധതികൾ സംസ്ഥാന മിഷന്റെ അനുമതിയ്ക്ക് വിധേയമായി നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

### 2. സാമ്പത്തിക സഹായം

1. കേന്ദ്രത്തിന്റെ നടത്തിപ്പിലേക്കായി 8 ലക്ഷം രൂപ വരെ ധനസഹായം ദേശീയ നഗര ഉപജീവന പദ്ധതിയിൽ നിന്നും നൽകുന്നതാണ്. ഈ തുക പുതിയ കെട്ടിടം പണിയാനോ പഴയത് പുതുക്കുവാനോ ഉപയോഗിക്കാൻ പാടുള്ളതല്ല.

2. പ്രസ്തുത തുക, കേന്ദ്രത്തിനുവേണ്ട കസേര, മേശ, അലമാര, റാക്കുകൾ, കമ്പ്യൂട്ടർ, പരിശീലന കേന്ദ്രത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ഫോൺ/ഇന്റർനെറ്റ് എന്നിവ വാങ്ങാൻവേണ്ടി ഉപയോഗിക്കാവുന്നതാണ്. ഉപജീവന കേന്ദ്രത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് വിവിധ മാധ്യമങ്ങൾ വഴി പ്രചാരണം നടത്തുന്നതിനും ഈ തുക ചെലവഴിക്കാം.

3. കേന്ദ്രത്തിന്റെ നടത്തിപ്പിന് അനുയോജ്യരായ ജീവനക്കാരെ ആവശ്യമുള്ള പക്ഷം നിയമിക്കാവുന്നതാണ്. അവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഈ തുകയിൽ നിന്നും നൽകാവുന്നതാണ്. ഇതിലേയ്ക്കുള്ള ജീവനക്കാരെ തിരഞ്ഞെടുക്കുമ്പോൾ ഉപജീവനകേന്ദ്രത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനുള്ള പ്രാപ്തിയുള്ളവരാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ദേശീയ നഗര ഉപജീവന മിഷന്റെ കീഴിൽ പദ്ധതിക്കുള്ള ധനസഹായം ലഭിക്കുന്നതിനായി വിശദമായ പദ്ധതി രൂപരേഖ സമർപ്പിക്കുന്നതിനായുള്ള മാതൃകയും ഇതോടൊപ്പം ചേർത്തിരിക്കുന്നു. ഈ പദ്ധതിരേഖയോടൊപ്പം കേന്ദ്രത്തിനുള്ള സ്ഥലം അനുവദിച്ചുകൊണ്ടുള്ള നഗരസഭയുടെ തീരുമാനവും നൽകേണ്ടതാണ്.

അപേക്ഷ സംസ്ഥാന മിഷൻ സുസ്ഥിരതാ സാധ്യതയുടെയും, നഗരദരിദ്രർക്ക് പ്രയോജനങ്ങൾ ഉളവാക്കാനുമുള്ള കഴിവിന്റെയും അടിസ്ഥാനത്തിൽ വിശദമായ വിലയിരുത്തലിനു ശേഷം തീർപ്പാക്കുന്നതാണ്. അനുവദിക്കുന്ന തുക 3 ഗഡുക്കളായിട്ട് നൽകുന്നതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

To,
എല്ലാ നഗരസഭാ ചെയർമാൻമാർക്കും/മേയർമാർക്കും
എല്ലാ നഗരസഭ സെക്രട്ടറിമാർക്കും/കോർപ്പറേഷൻ സെക്രട്ടറിമാർക്കും

പകർപ്പ്
ജില്ലാമിഷൻ കോ-ഓർഡിനേറ്റർ
സിറ്റി പ്രോജക്ട് ഓഫീസർ (നഗരസഭാ സെക്രട്ടറി മുഖാന്തിരം)
സിറ്റി മിഷൻ മാനേജർ (നഗരസഭാ സെക്രട്ടറി മുഖാന്തിരം)

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ (അർബൻ)